LIBRARY ARCHIVES Kerala Legislative Assembly

കൊമേഴ്യൽ കെട്ടിടങ്ങൾക്കുള്ള പഞ്ചായത്ത് ടാക്സ് വർദ്ധനവ്

238 (3216) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊമേഴ്യൽ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ഈ സർക്കാരിന്റെ കാലയളവിൽ പഞ്ചായത്തുകൾ ഈടാക്കുന്ന ടാക്സ് വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ മുമ്പുണ്ടായിരുന്ന നിരക്കിനെക്കാൾ എത്രമടങ്ങാണ് വർദ്ധിപ്പിച്ചത് എന്നു പറയാമോ ; ഇപ്രകാരം പഞ്ചായത്ത് ടാക്സ് വർദ്ധിപ്പിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ തരത്തിൽ പുതുക്കിയ നിരക്കുപ്രകാരം സർക്കാരിന് ലഭിക്കേണ്ട ടാക്സ് പൂർണ്ണമായും പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) കൊമേഴ്യൽ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ ടാക്സ് അഞ്ചുമോ അറുന്നൂറോ മടങ്ങായി വർദ്ധിപ്പിച്ചതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഇപ്രകാരം അമിതമായി വർദ്ധിപ്പിച്ച ടാക്സ് കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലഘട്ടത്തിൽ വർദ്ധിപ്പിച്ചിട്ടില്ല.

(ബി) ഇപ്രകാരം പരിഷ്കരിച്ച നികുതി പൂർണ്ണമായും പിരിച്ചെടുക്കാൻ ഗ്രാമ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് വസ്തു നികുതി പരിഷ്കരണം നടത്തുന്നത്. സോഫ്റ്റ് വെയർ പൂർണ്ണമായും സജ്ജമാകാത്തതും മറ്റു സാങ്കേതിക പ്രശ്നങ്ങളുമാണ് ഇതിന് കാരണം. സോഫ്റ്റ്വെയർ 1-1-2014 മുതൽ പൂർണ്ണമായി സജ്ജമായിട്ടുള്ളതും ഡിമാന്റ് നോട്ടീസുകൾ 80%-ത്തോളം വിതരണം ചെയ്യുകയും നികുതി പിരിവ് പൂർണ്ണതോതിൽ നടന്നുവരികയും ചെയ്യുന്നു.

(സി) ഇല്ല. കൊമേഴ്യൽ വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായിരുന്ന വസ്തുനികുതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. അത് പ്രകാരം നിലവിലുള്ളതും വാർഷിക വാടക മൂല്യത്തിന് അനുസൃതമായി വസ്തു നികുതി നിശ്ചയിച്ചിരുന്നതുമായ കൊമേഴ്യൽ വിഭാഗത്തിൽപ്പെട്ട ഒരു കെട്ടിടത്തിന്റെ വസ്തുനികുതി തറവിസ്തീർണ്ണം കണക്കാക്കി ആദ്യമായി നിശ്ചയിക്കുമ്പോൾ നിലവിലുള്ള നികുതി തുകയുടെ 150%-ൽ അധികമാകാൻ പാടില്ല എന്ന് 2013-ലെ ഭേദഗതി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുകയുണ്ടായി. ഇപ്രകാരമൊരു വ്യവസ്ഥ 2011-ലെ മാതൃചട്ടങ്ങളിൽ ഇല്ലാതിരുന്നതുമൂലം കൊമേഴ്യൽ വിഭാഗത്തിലെ വസ്തു നികുതിദായകർക്ക്

വഹിക്കേണ്ടി വന്നിരുന്ന അധിക നികുതി ഭാരം 2013-ലെ ഭേദഗതി ചട്ടങ്ങളിലൂടെ ലഘൂകരിക്കപ്പെട്ടുകയാണുണ്ടായിട്ടുള്ളത്. എന്നാൽ ഏറ്റവും ഒടുവിൽ നടത്തിയ വാർഷിക വസ്തുനിർണ്ണയത്തിനുശേഷം പ്രസ്തുത കെട്ടിടത്തിന് കൂട്ടിചേർക്കലോ ഘടനാപരമായ മാറ്റമോ വരുത്തിയിട്ടുണ്ടെങ്കിൽ മേൽ പറഞ്ഞ ആനുകൂല്യം ലഭിക്കുന്നതല്ല. എം.എസ്.എം.ഇ. (ചെറുകിട വ്യവസായ യൂണിറ്റുകൾ) ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരുന്ന 40-60 രൂപ നിരക്ക് 15-25 രൂപയായി കുറവ് ചെയ്തിട്ടുണ്ട്.

നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാര വിതരണം

239 (3217) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലത്തെഴുത്ത് കളരികളിലെ കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര കടിപ്പുള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നു ; അവിടെ പഠിക്കുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ എണ്ണം എത്ര ; വ്യക്തമാക്കുമോ ;

(സി) കടിപ്പുള്ളിക്കൂടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ പോഷകാഹാരം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ആകെ 1608 കടിപ്പുള്ളിക്കൂടങ്ങൾ പ്രവർത്തിക്കുന്നു. അവിടെ പഠിക്കുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

ശ്മശാനങ്ങളുടെ നിർമ്മാണം

240 (3218) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്മശാനങ്ങളുടെ നിർമ്മാണത്തിനായി തദ്ദേശഭരണ വകുപ്പിൽനിന്നും പഞ്ചായത്തുകൾക്ക് നല്കി വരുന്ന തുക എത്രയെന്ന വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly